(ബി) ഉണ്ടെങ്കിൽ ഇതിനുമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എത്ര തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിരുന്നത് ;

(ഡി) ഈ പ്രശ്നപരിഹാരത്തിനായി ഫണ്ട് എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി-ഡി) നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 11 ലക്ഷം രൂപ മതിപ്പു ചെലവു വരുന്ന ഒരു പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൽ 5 ലക്ഷം രൂപ പേരാംപ്ര ബ്ലോക്കു പഞ്ചായത്തും (2 ലക്ഷം രൂപ) ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തും (3 ലക്ഷം രൂപ) ചേർന്ന് വഹിക്കാമെന്ന് 19-5-2003-ന് പേരാംപ്ര ബ്ലോക്ക് ഓഫീസിൽ വച്ച് സ്ഥലം എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ബാക്കി തുകയുടെ കാര്യത്തിൽ വാട്ടർ അതോറിറ്റിയുടെ ഉത്തരമേഖല ചീഫ് എഞ്ചിനീയറുടെ അധികാരപരിധിയിൽപ്പെട്ട ഏതെങ്കിലും സ്കീമുകളിൽ സേവിംഗ്സുണ്ടെങ്കിൽ അത് പരിശോധിച്ച് കണ്ടെത്തി ഈ പദ്ധതിക്കുവേണ്ടി പ്രയോജനപ്പെടുത്തുന്നതാണ്.

നിരന്തരം പൈപ്പ് ലൈൻ പൊട്ടുന്നത് ഒഴിവാക്കുവാൻ നടപടികൾ

24 (1706) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂരിൽ നിന്നുമുള്ള കുണ്ടറ ജലവിതരണ പദ്ധതിയുടെ പൈപ്പു ലൈൻ എൻ.എച്ച്.208-ൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഏതെല്ലാം സ്ഥലങ്ങളിൽ എത്രതവണ വീതം പൊട്ടുകയുണ്ടായി ;

(ബി) ഈ ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് എത്ര രൂപയുടെ നഷ്ടം സംഭവിച്ചു ;

(സി) നിരന്തരം പൈപ്പ് ലൈൻ പൊട്ടുന്നത് ഒഴിവാക്കുവാൻ എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുനലൂരിൽ നിന്നുള്ള കുണ്ടറ ജലവിതരണ പദ്ധതിയുടെ പൈപ്പ് ലൈൻ എൻ.എച്ച്.208-ൽ ടാറിന് വെളിയിലായി ചെമ്മനവൂർ ജംഗ്ഷൻ വരെ 16 തവണ പൊട്ടുകയുണ്ടായി. കൂടാതെ 100-ൽ കൂടുതൽ സ്ഥലങ്ങളിൽ ലീക്ക് നിവാരണജോലികൾ നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ ഇനത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 4 ലക്ഷം രൂപയോളം ചെലവായി.

LIBRARY ARCHIVES Kerala Legislative Assembly

(സി) പുനലൂരിൽ നിന്നും ഇളംപലിലേയ്ക്ക് വെള്ളം പമ്പ് ചെയ്യുവാൻ ഇട്ടിട്ടുള്ള 500 എം. എം. വ്യാസമുള്ള പ്രിമോ പൈപ്പിന്റെ ജോയിന്റ് ലീക്കുകൾ പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് നിവാരണം ചെയ്യുന്നതിനായി മുംബൈയിലുള്ള ഇൻഡ്യൻ ഹ്യും പൈപ്പ് കമ്പനിക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തിയാക്കുന്നതോടെ ഈ ഭാഗത്ത് തുടർച്ച ഉണ്ടാകുന്ന ചോർച്ചകളും പൈപ്പ് പൊട്ടലുകളും ഒഴിവാകുന്നതാണ്.

രാജീവ്ഗാന്ധി തീവ്ര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി

25 (1707) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്രം കുറവു ചെയ്ത തുക പുനഃസ്ഥാപിച്ച് ഈ വർഷം തന്നെ രാജീവ്ഗാന്ധി തീവ്ര ഗ്രാമീണ ശുദ്ധ ജലവിതരണ പദ്ധതി പൂർണ്ണമായും നടപ്പാക്കുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

കഴിഞ്ഞ വർഷം രാജീവ്ഗാന്ധി ഗ്രാമീണ ശുദ്ധ ജലവിതരണ പദ്ധതിക്ക് കേന്ദ്രം കുറവ് ചെയ്ത തുക ഇതുവരെയും പുനഃസ്ഥാപിച്ചു കിട്ടിയിട്ടില്ല. പുനഃസ്ഥാപിച്ചു കിട്ടുന്നതിന് ശ്രമിക്കുന്നതാണ്. ഈ വർഷം ഈ ഇനത്തിൽ ലഭിക്കുന്ന മുഴുവൻ തുകയും പൂർണ്ണമായും വിനിയോഗിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഇടുക്കി ജില്ലയിൽ നിന്നും 'സ്വജൽധാര' സ്കീമിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ

26 (1708) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ നിന്നും 'സ്വജൽധാര' സ്കീമിൽ ഉൾപ്പെടുത്തി എത്ര പ്രോജക്ടുകൾ സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഉടുമ്പൻചോല അസംബ്ലി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പദ്ധതികളുടെ പേരു വിവരം വ്യക്തമാക്കുമോ ;

(സി) ഓരോ പദ്ധതിയുടെയും പ്രവർത്തന പുരോഗതി വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പദ്ധതി നടപ്പാക്കുക വഴി കുടിവെള്ള ലഭ്യതയിൽ ഈ പ്രദേശങ്ങൾ എത്രത്തോളം സ്വയം പര്യാപ്തത കൈവരിക്കുമെന്നും വിലയിരുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly